


ടി.കെ. ഗിരീഷ്കുമാർ

# വായനശാലകൾ'കംപ്യൂട്ടർ വൽക്കരിക്കാൻ കോഹ

സാങ്കേതിക ലോകം പുസ്തകങ്ങൾ ഇലക്ട്രോണിക് രൂപത്തിൽ ആക്കിയെങ്കിലും പുസ്തകങ്ങളോടുള്ള പ്രിയം പലർക്കും ഇപ്പോഴും ഉണ്ട്. പണ്ട് ഒരു നാടിന്റെ സ്പന്ദനം ആയി അറിയപ്പെട്ടിരുന്ന വായനശാലകൾക്ക് പഴയ പ്രതാപം ഉട്ടും കുറയാതെ പുസ്തകങ്ങളുടെ കോട്ടയായി ഒരു തലമുറയുടെ ഗൃഹാതുര സ്മരണകളായി എന്നും നിലകൊള്ളുന്നു. വായനശാലകളിലെ വിവരങ്ങളൊക്കെ എഴുതി സൂക്ഷിക്കുന്നത് മൂലം പല വിവരങ്ങളും നഷ്ടപ്പെടുകയും വീണ്ടെടുക്കാൻ സാധിക്കാതെ വരികയും ചെയ്തിട്ടുണ്ട്. വർഷങ്ങളായുള്ള പുസ്തകങ്ങളുടെ വിവരങ്ങളും, അത് കൊണ്ടുപോകുന്നവരുടെ വിവരങ്ങളും, വാങ്ങുന്ന പുസ്തകങ്ങളുടെ കണക്കും കാര്യങ്ങളുമൊക്കെ സൂക്ഷിക്കുക എന്നത് ലൈബ്രറി ജീവനക്കാർക്ക് ശ്രമകരമായ ഒരു ജോലിയാണ്. മാത്രമല്ല, പുതിയ ജീവനക്കാർ വരുമ്പോൾ പഴയ റെക്കോഡുകളും ലൈബ്രറിയിലുള്ള പുസ്തകങ്ങളെയുമൊക്കെക്കുറിച്ച് പഠിച്ചെടുക്കുക നിർബന്ധമായ കാര്യമാണ്. പക്ഷെ അതിനെക്കുറിച്ചുള്ള റെക്കോഡുകളൊക്കെതപ്പിയെടുക്കുക എന്നത് ബുദ്ധിമുട്ടിക്കുന്ന ഒരു കാര്യമാണ്. ഇവിടെയാണ് കംപ്യൂട്ടറുകൾ പ്രയോജനപ്പെടുന്നു. ലൈബ്രറി സോഫ്റ്റ്‌വെയറുകൾ ഇവിടെ സഹായത്തിനെത്തും. വായനശാലയുടെ വിവരങ്ങൾ സൂക്ഷിക്കാൻ കംപ്യൂട്ടറിന്റെ സഹായം തേടിയാൽ ഈ പ്രശ്നത്തിന് ഒരു പരിഹാരമാകും. അത്തരം ഒരു മികച്ച ലൈബ്രറി സോഫ്റ്റ്‌വെയർ ആണ് കോഹ സോഫ്റ്റ്‌വെയർ.

ലൈബ്രറി ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുന്ന എല്ലാ സൗകര്യങ്ങളോടും കൂടി തികച്ചും സൗജന്യമായി ഉപയോഗിക്കാവുന്ന ലോകത്തിലെ തന്നെ ആദ്യത്തെ സ്വതന്ത്ര ലൈബ്രറി കംപ്യൂട്ടർ വൽക്കരണ സോഫ്റ്റ്‌വെയർ ആണ് കോഹ സോഫ്റ്റ്‌വെയർ. 1999-ൽ ന്യൂസിലാന്റിലെ കാട്ടിപ്പോ കമ്മ്യൂണിക്കേഷൻസ് എന്ന കമ്പനിയുടെ സഹായത്തോടെയാണ് കോഹ സോഫ്റ്റ്‌വെയർ വികസിപ്പിച്ചത്. തുടർച്ചയായിട്ട് മാറ്റങ്ങളും ആധുനിക സൗകര്യങ്ങളുമൊക്കെ നൽകുന്ന കോഹ അൽപ്പം സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ളവർക്ക് അവരുടെ ഇഷ്ടാനുസരണം മാറ്റങ്ങൾ വരുത്തി ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെ ചെയ്യുവാൻ ആവശ്യമായ വിവരങ്ങൾ മനസ്സിലാക്കുവാനായി ഇതിന്റെ സോഴ്സ് കോഡ് ഉപയോക്താവിന് നേരിട്ട് ലഭ്യമാകുന്നതാണ്. കൂടാതെ പ്രശ്ന പരിഹാരങ്ങൾക്കും സഹായത്തിനായി ഓൺലൈൻ സംവിധാനങ്ങളോട് കൂടിയ ആശയവിനിമയവും കോഹ സോഫ്റ്റ്‌വെയർ നൽകുന്നതാണ്. യൂണിക്കോഡ് സാങ്കേതികതയും ഒന്നിലധികം ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവും കോഹയുടെ മാത്രം സവിശേഷതകൾ ആണ്.

ലൈബ്രറിയിലെ പുസ്തകങ്ങളുടെ ഇടപാടുകളുടെ വിവരങ്ങൾ സൂക്ഷിക്കുക, ഉപഭോക്താവിന്റെ വിവരങ്ങളും ക്രമീകരണങ്ങളും സൂക്ഷിക്കുക തുടങ്ങി ലൈബ്രറികളിൽ ദൈനംദിനം ചെയ്യേണ്ടുന്ന എല്ലാ കാര്യങ്ങൾക്കും കോഹയെ ആശ്രയിക്കാം. പുസ്തകങ്ങളും മറ്റ് വിവരങ്ങളും



തിരഞ്ഞ് കണ്ടുപിടിക്കാനും വിവരങ്ങൾ ശേഖരിക്കാനും എവിടെയിരുന്നും കഴിയുന്ന തരത്തിലുള്ള ഒപാക് സംവിധാനവും കോഹ ഉപയോഗപ്പെടുത്തുന്നുണ്ട്. മൊബൈൽ ഫോൺ, ഐപാഡ് എന്നിവയുമായി യോജിച്ച് പോകാനുള്ള കഴിവും കോഹയ്ക്ക് ഉണ്ട്. കോഹയുടെ ഉപഭോക്താക്കൾക്കായി വിവിധ പരിപാടികൾ പലയിടങ്ങളിലായി സംഘടിപ്പിക്കാനും കമ്പനി പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. ഈ യോഗങ്ങളിൽ കോഹയുടെ യഥാർത്ഥ ഡെവലപ്പർ തന്നെ പങ്കെടുക്കുന്നു എന്ന പ്രത്യേകതയും ഉണ്ട്.

എവർഗ്രീൻ, എബിസിഡി, ന്യൂജെൻലിബ് തുടങ്ങി നിരവധി കംപ്യൂട്ടർ വൽകൃത സോഫ്റ്റ്‌വെയറുകൾ ഉണ്ടെങ്കിലും കോഹയുടെ കഴിവുകളും ഉപഭോക്താക്കളുമായി സ്ഥാപിച്ചെടുക്കുന്ന ബന്ധവും ഇതിനെ മറ്റുള്ളവയിൽ നിന്ന് വേറിട്ട് നിർത്തുന്നു. കോളേജ്, യൂണിവേഴ്സിറ്റി ലൈബ്രറികളിൽ കോഹ വളരെയധികം ഉപയോഗിച്ച് വരുന്നു. കഴിഞ്ഞ 5 വർഷ കാലയളവിൽ കോഹയുടെ ഉപയോഗം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി തുടങ്ങി പ്രധാന യൂണിവേഴ്സിറ്റികൾ ഒക്കെ തന്നെ കോഹ ഉപയോഗത്തിൽ മുന്നിലാണ്. കേരള സർക്കാരിന്റെ കീഴിലുള്ള എല്ലാ ലൈബ്രറികളിലും കോഹ സോഫ്റ്റ്‌വെയർ ഉപയോഗിക്കണം എന്നാണ് ഔദ്യോഗിക പ്രഖ്യാപനം. ഒരേ സ്ഥാപനത്തിന്റെ കീഴിൽ പല പ്രദേശങ്ങളിലായി വ്യാപിച്ച് കിടക്കുന്ന ലൈബ്രറിയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും, ഒരേ കുടക്കീഴിൽ കൊണ്ടുവരാനും കോഹയ്ക്കുള്ള കഴിവ് എടുത്ത് പറയേണ്ടതാണ്.




കോഹ സോഫ്റ്റ്‌വെയറിന്റെ ഉപയോഗം മനസ്സിലാക്കി അതിന്റെ പ്രചാരണത്തിനായി പല യൂണിവേഴ്സിറ്റികളിലും ലൈബ്രറി സയൻസ് കോഴ്സ് സിലബസിൽ ഒരു പ്രത്യേക വിഷയമായി കോഹയെ പ്രതിപാദിച്ചിട്ടുണ്ട്. കോഹ സോഫ്റ്റ്‌വെയറിനോട് താൽപ്പര്യം ഉള്ളവർക്കായി ലൈവ് സിഡി/ഡിവിഡി എന്നിവയുടെ രൂപത്തിലും ഓൺലൈൻ ആയും കോഹ ഉപയോഗപ്പെടുത്താനുള്ള സംവിധാനങ്ങളുമുണ്ട്. സൗകര്യങ്ങൾക്ക് അനുയോജ്യമായ ലൈബ്രറി സോഫ്റ്റ്‌വെയറുകൾ വലിയ വില കൊടുത്ത് വാങ്ങുന്നതിന് പകരം സൗജന്യ സോഫ്റ്റ്‌വെയർ ആയ കോഹ തിരഞ്ഞെടുത്ത് ആവശ്യാനുസരണം മാറ്റങ്ങൾ വരുത്തുന്നതാണ് ഇപ്പോഴും ഉത്തമം. കോഹ സോഫ്റ്റ്‌വെയറിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി www.koha.org സന്ദർശിക്കുക. ●

